ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ

42 (3123)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-ൽ ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകിയ സൂപ്പർവൈസർമാരെ 1994-ൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുകയും 28.9.99-ലെ ജി.ഒ. (എം.എസ്) നം. 39/99/സ.ക്ഷേ.മ.വ നമ്പർ ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) 1994-ൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും ഇപ്പോൾ നിലവിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്തതുമായ സർവ്വീസിലുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1984-ൽ വർഷത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സൂപ്പർവൈസർമാരെ കരാർ കാലാവധിക്കുശേഷം പിരിച്ചുവിടുകയും പിന്നീട് 1994-ൽ റി സബ്ബോർഡ് ചെയ്യുകയും ഉണ്ടായി. ജി.ഒ. (എം.എസ്) നമ്പർ 39/99/സ.ക്ഷേമ.വ. തീയതി 28.9.99 അനുസരിച്ച് ഇവരുടെ സേവനം റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ 23.11.99-ലെ ഒ.പി. 291115/99-ന്റെ വിധിയുടെ അടിസ്ഥാനത്തിൽ ടി ഉത്തരവ് നടപ്പിലാക്കിയിട്ടില്ല.

(ബി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) ഇപ്പോൾ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന ആരെയും സർവ്വീസിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശമില്ല.

വൃദ്ധസദനങ്ങൾ

43 (3124) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര വൃദ്ധസദനങ്ങളുണ്ട്? എവിടെയെല്ലാം;

(ബി) ഓരോ വൃദ്ധ സദനത്തിലും എത്ര അന്തേവാസികൾ വീതം ഉണ്ട്? അതിൽ സ്ത്രീകൾ എത്ര? പുരുഷന്മാർ എത്ര;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly